പത്രക്കുറിപ്പ്

# കേന്ദ്ര തൊഴിൽ പരിശീലന പദ്ധതി വിടിപികൾക്കുള്ള അപേക്ഷ ക്ഷണിക്കുന്നു.

തിരുവനന്തപുരം : 11-07-2013

കേന്ദ്രസർക്കാരിന്റെ 'സ്കിൽ ഡവലപ്മെന്റ് ഇനിഷേറ്റീവ്' പദ്ധതിയുടെ മോഡുലാർ എംപ്ളോയബിൾ സ്കിൽ (എം.ഇ.എസ്) കോഴ്സുകൾ നടത്തുന്ന വൊക്കേഷണൽ ട്രെയ്നിംഗ് പ്രൊവൈഡർ (വി.ടി.പി) ആയി പ്രവർത്തിക്കുവാൻ താല്പര്യമുള്ള സ്ഥാപനങ്ങൾ ആഗസ്റ്റ് 12 നു മുമ്പ് അപേക്ഷ സമർപ്പിക്കണം. നിലവിലുള്ള വിടിപികളിൽ കൂടുതൽ കോഴ്സുകൾ ആംരഭിക്കാനും ഇപ്പോൾ അപേക്ഷിക്കാവുന്നതാണ്.

യുവജനങ്ങളിൽ തൊഴിൽ വൈദഗ്ധ്യം ഉറപ്പാക്കുന്നതിന് പ്രത്യേക ഊന്നൽ നല്കുന്ന കേന്ദ്ര പദ്ധതി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുക എന്നലക്ഷ്യത്തോടെ കേരള സർക്കാർ തൊഴിൽവകുപ്പ് എല്ലാ ഗ്രാമ - നഗരങ്ങളിലും അംഗീകൃത പരിശീലന കേന്ദ്രങ്ങൾ (വി.ടി.പി) തുടങ്ങാനുദ്ദേശിക്കുന്നു. കേരളത്തിൽ പദ്ധതിയുടെ ഏകോപന ചുമതല വ്യാവസായിക പരിശീലനവകുപ്പിനാണ്.

സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാത്തവർ, പരമ്പരാഗത തൊഴിൽ പരിചയമുള്ളവർ, സർട്ടിഫിക്കറ്റില്ലാത്ത വിദഗ്ധ തൊഴിലാളികൾ എന്നിവരെ അഭിരുചിയുള്ള തൊഴിലിൽ വിദഗ്ധരാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. നിലവിൽ വ്യവസായ മേഖലയിൽ ജോലി ചെയ്യുന്നവരുടെ 'സ്കിൽ' വികസിപ്പിക്കാനും ഈ കോഴ്സിൽ ചേരാം. 14 വയസിനു മുകളിൽ പ്രായമുള്ള എട്ടാംക്ളാസ് യോഗ്യതയുള്ളവർക്കാണ് ഈ സൗജന്യ പരിശീലനം. പരീക്ഷ വിജയിക്കുന്നവർക്ക് കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ അന്തർദേശീയാംഗീകാരമുള്ള NCVT സർട്ടിഫിക്കറ്റ് നല്കും.

നിലവിലുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി പരിശീലനം നല്കാവുന്ന കേന്ദ്രങ്ങളാണ് വി.ടി.പികൾ 90 മുതൽ 300 മണിക്കൂർ വരെയാണ് പരിശീലന കാലാവധി. ഒരു ബാച്ചിന് മണിക്കൂറൊന്നിന് 300/- രൂപ നിരക്കിൽ പരിശീലന ഫീസ് വിടിപി കൾക്ക് കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കും. വിദ്യാഭ്യാസ / പരിശീലന സ്ഥാപനങ്ങൾ, പൊതു -

സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾ, ചാരിറ്റബിൾ സൊസൈറ്റികൾ, ട്രസ്റ്റുകൾ കേന്ദ്ര സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ തുടങ്ങി നിയമവിധേയമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് വിടിപി കളായി പ്രവർത്തിക്കാം.

വിശദവിവരങ്ങൾ www.det.kerala.gov.in എന്ന വെബ് സൈറ്റിലെ MES click ചെയ്താൽ ലഭ്യമാകും. അപേക്ഷ ഫീസ് 2000/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സെക്രട്ടറി, എസ്.എസ്.ഡി.ഐ.എസ്.കെ, ഡയറക്ടറേറ്റ് ഓഫ് ട്രെയിനിംഗ്, തിരുവനന്തപുരം എന്ന പേരിലെടുത്ത് അപേക്ഷയോടൊപ്പം സമർപ്പിക്കണം. അപേക്ഷകൾ ഓൺലൈനിലും ഹാർഡ്കോപ്പിയും അയക്കേണ്ടതാണ്.

വെബ്സൈറ്റിലെ Implementation Manual ൽ നിർദ്ദേശിച്ചിട്ടുള്ള രേഖകളുടെ ശരിപകർപ്പുകൾ അപേക്ഷയോടൊപ്പം ചേർത്തിരിക്കണം. അപേക്ഷ സ്വീകരിക്കുന്ന അവസാന തിയതി 12-08-2013 വൈകുന്നേരം 4 മണി. കൂടുതൽ വിവരങ്ങൾക്ക് 0471- 2322490, 9447750652 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക. അപേക്ഷ അയക്കേണ്ട വിലാസം 'Secretary, SSDISK, Directorate of Training, Thycaud, Thiruvananthapuram- 14.

**എൻ. പ്രശാന്ത്. ഐഎഎസ്**
എംപ്ളോയ്മെന്റ് & ട്രെയ്നിംഗ് ഡയറക്ടർ

DIRECTORATE OF TRAINING
KERALA STATE
TRIVANDRUM-14